Downloaded From : http://cbseportal.com/

# CENTRAL BOARD OF SECONDARY EDUCATION MARCH - 2021

## SAMPLE QUESTION PAPER FOR AISSE 2021 ANSWER KEY
## (മാതൃകാ ചോദ്യപേപ്പർ – 2020– 21- ) ഉത്തരസൂചിക.

**STD : X** **MALAYALAM (മലയാളം) Code : 012**

**Time allowed : 3 Hrs.** **Maximum Mark : 80**
**അനുവദിച്ച സമയം : 3 മണിക്കൂർ** ആകെ മാർക്ക് : **80**

The question paper is divided into **two** sections:

Section A : Reading Comprehension
: Vocabulary Building & M.C.Q : 40 Marks
Section B : Grammar, Composition
: Literature (Prose, Poetry & Non-detailed) : 40 Marks

## എ വിഭാഗം / SECTION A

**1.** അവധാരണം ഗദ്യം:-ശരിയുത്തരങ്ങൾ. (ഏതെങ്കിലും എട്ടെണ്ണം മതി) (8x1=8)

(a). ഫലസിദ്ധിയുണ്ടാവില്ല.
(b). ആത്മാവുംപരമാത്മാവും,
(c). പരം.
(d). അനുഭവം.
(e). ബ്രഹ്മർഷിയാക്കി.
(f). സാധകന്റെ.
(g). സാത്വിക.
(h). നിർമ്മലമാകുമ്പോൾ.
(i). ഔന്നത്യം.
(j). വിശ്വാമിത്രൻ.
(k). വിശ്വാമിത്രൻ.

2 ശരിയുത്തരങ്ങൾ (ഏതെങ്കിലും എട്ടെണ്ണം മാത്രം മതി) (8x1=8)
(a). സംയോഗം.
(b). വാഹിനി.
(c). പുത്രൻ.
(d). വിജയൻ.
(e). ബ്രഹ്മാവ്.
(f). വടി.
(g). വംശം, തീരം.
(h). ദ്രൗണി..
(i). ഭഗിനി.
(j). അന്ത:പുരം.

3. ശരിയുത്തരങ്ങൾ.(ഏതെങ്കിലും നാലെണ്ണം മതി. 1 മാർക്കു വീതം) (**4**x**2**=8)
(a).
(i). പുള്ളുവൻ.
(ii). പരിഷ്കാരികൾ.
(b)
(i). ദിവാകരദർശനം
(ii). ഒരു സ്നേഹം



Downloaded From : http://cbseportal.com/ Courtesy : CBSE

Downloaded From : http://cbseportal.com/

(c).
(i). പതിനാറ്.
(ii). റഫീക്ക് അഹമ്മദ്.

(d).
(i). ചാക്കോരുമാപ്പിളയുടെ.
(ii) ചെമ്പുമത്തായിയുടെ.

(e).
(i) ദുര്യോധനന്റെ മരണത്തോടെ.
(ii) ഭീഷ്മാചാര്യർ.

(f).
(i). വെള്ളായിയും നീലിയും.
(ii). വെള്ളായിച്ചോ - നീലിയേ.

**4.** (ഏതെങ്കിലും നാലെണ്ണംമതി.ഓരോന്നിനും 1 മാർക്കുവീതം) **(4x4=16)**

(a).
(i). വെള്ളായിയപ്പൻ കുട്ട്യസ്സൻ മാപ്പിളയോട്.
(ii). ചവിട്ടടിപ്പാതയിൽ.
(iii). കഠിനദു:ഖം
(iv). ചെറുകഥ.

(b).
(i). റേഡിയോ ഇല്ലെങ്കിൽ മന:സമാധാനം കിട്ടുമെന്ന്.
(ii). ജോലിയിലുള്ള ശ്രദ്ധ പാളി.
(iii). റേഡിയോ നിസ്സാരമെന്ന ഭാവം.
(iv). അളവുകൾ തെറ്റാതെ ഉടുപ്പുതുന്നി.

(c).
(i). ധൃഷ്ടദ്യുമ്നൻ.
(ii). അറയ്ക്കുള്ളിൽ.
(iii). അശ്വത്ഥാമാവിനോട്.
(iv). ഗുരുഘാതിയാകയാൽ.

(d).
(i). ഭാര്യ ഭർത്താവിനെ.
(ii) അമ്മയെ ഉപേക്ഷിക്കാത്തതിന്.
(iii) കോവിലിനുമുന്നിൽ നിന്ന്.
(iv). തന്നെക്കുറിച്ചുള്ള അവജ്ഞ.

(e).
(i). നളിനിയാണെന്ന്.
(ii). ദിവാകരൻ.
(iii). കവി.
(iv). ഖണ്ഡകാവ്യം.

## ബി വിഭാഗം / SECTION B

5. (a). പ്രയോഗം മാറ്റുക. 2x1=2

(i) കയ്യിൽ ഘടികാരമില്ലെങ്കിലും, ഒരു കർഷകന്റെ ജന്മസിദ്ധിയിലൂടെ വെള്ളായിയപ്പനാൽ സമയം അറിയപ്പെട്ടു.

(ii) പകച്ചുപായുന്ന ആനകൾ അവരെ ചവിട്ടിയരച്ചു.

(b). അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക. 2x1=2



Downloaded From : http://cbseportal.com/ Courtesy : CBSE

Downloaded From : http://cbseportal.com/

(i). കോയമ്പത്തൂരിലേക്കുള്ള വണ്ടി നേരത്തേ വരുകയാൽ- അംഗവാക്യം

ബെഞ്ചിൽ സമീപത്തിരുന്ന കാരണവർ എഴുന്നേറ്റു പോയി.- അംഗിവാക്യം

(ii).ദ്രൗണിയെ കണ്ടറിഞ്ഞു ചാടിയെഴുന്നേൽക്കാൻ ഭാവിക്കുമ്പോഴേക്ക് - അംഗവാക്യം

ദ്രൗണി അയാളുടെ തലമുടിക്കു പിടിച്ചു വലിച്ച് താഴെയിട്ടു ചവിട്ടി. - അംഗിവാക്യം.

(c). വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. 2x1=2

(i).സഹായത്തിനാരുമില്ലാത്തൊരു കുട്ടിയെപ്പോലെ വെള്ളായിയപ്പൻ പറാവുകാരന്റെ മുമ്പിൽ നിന്നു.

ഒരു കുട്ടിയുടെ നിസ്സഹായതയോടെ വെള്ളായിയപ്പൻ പറാവുകാരന്റെ മുമ്പിൽ നിന്നു. (സഹായത്തിനാരുമില്ലാത്ത / നിസ്സഹായതയോടെ - ഏതെങ്കിലും ഒന്നു മതി)

(ii).ബന്ധുക്കളുടെയിടയിൽ പ്രതാപത്തോടും ശ്രീയോടും കൂടി ഇരിക്കുന്ന ഒരുവനോടാണ് ഒരാളിതുചെയ്തതെങ്കിൽ ബഹുമാനിക്കാമായിരുന്നു.

ബന്ധുക്കളുടെയിടയിൽ പ്രതാപത്തോടും ഐശ്വര്യത്തോടും കൂടി ഇരിക്കുന്ന ഒരുവനോടാണ് ഒരാളിതുചെയ്തതെങ്കിൽ ബഹുമാനിക്കാമായിരുന്നു.

(ശ്രീയോടും / ഐശ്വര്യത്തോടും- ഏതെങ്കിലും ഒന്നു മതി)

(d).അർത്ഥംമാറാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കിമാറ്റുക. 2x1=2

(i). കടലാസ് ചുരുണ്ട് അലങ്കോലമാകാതിരുന്നില്ല.

(ii).സ്വന്തം ജീവിതത്തിൽ നിന്ന് ഒരു ഭാഗംതന്നെ ആരോ പറിച്ചുമാറ്റുന്നതു പോലെ അയാൾക്കു തോന്നാതിരുന്നില്ല.

(e) ഏതെങ്കിലും രണ്ടെണ്ണം, ആശയം വ്യക്തമാകും വിധം സ്വന്തവാക്യത്തിൽ പ്രയോഗിക്കുക. 2x1=2

(i). മേൽക്കോയ്മ. (ii) സഹാനുഭൂതി. (iii) വിശാലമനസ്കൻ.

(ആശയം വ്യക്തമാക്കിയിട്ടുള്ള സ്വന്തമായി നിർമ്മിച്ച വാക്യത്തിന് മുഴുവൻ മാർക്കു കൊടുക്കാം. പാഠപുസ്തകത്തിലെ വാക്യം സ്വീകാര്യമല്ല )

**6**. ഒന്നരപ്പുറത്തിൽക്കവിയാതെ ഉത്തരമെഴുതുക.ഓരോന്നിനും 5 മാർക്കുവീതം.(3x5=15)

(a).ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. 5

ഉപന്യാസമാതൃക.

ആമുഖം, വിഷയം ഉൾക്കൊണ്ട അവതരണം, ഉള്ളടക്കം, ആശയം, ഭാഷാശൈലി, അവതരണരീതി, ഖണ്ഡികാകരണം, ഉപസംഹാരം.

(i). പ്രകൃതിദുരന്തങ്ങൾ- പ്രകൃതിയുടെ പ്രതികാരങ്ങൾ.

ആമുഖം- ലോകമനുഭവിക്കുന്ന പലതരത്തിലുള്ള പ്രകൃതിദുരന്തങ്ങൾ-സംഭവിക്കുന്ന നാശനഷ്ടങ്ങൾ-ജനജീവിതത്തിന്റെ ദുരിതമുഖങ്ങൾ-ദുരന്തകാരണങ്ങൾ-പ്രകൃതിക്കു നേരെയുള്ള മനുഷ്യന്റെ ക്രൂരതകൾ-സന്തുലിതാവസ്ഥയുടെ തകർച്ച-പ്രകൃതിയിലേക്കുള്ള മനുഷ്യന്റെ കടന്നുകയറ്റം-അനന്തരഫലങ്ങൾ-പ്രകൃതി നൽകുന്ന തിരിച്ചടികൾ-അതിന്റെഭീകരത-മനുഷ്യൻ പ്രകൃതിയെ അറിയേണ്ടതിന്റെ ആവശ്യകത -ബോധവൽക്കരണത്തിൽ വിദ്യാലയങ്ങൾക്കുള്ള പങ്ക്-പ്രകൃതിസംരക്ഷണം-ഉപസംഹാരം.



Downloaded From : http://cbseportal.com/ Courtesy : CBSE

Downloaded From : http://cbseportal.com/

(ii). ലോകജീവിതം-കോവിഡ് 19 ന് മുൻപും ശേഷവും.

ആമുഖം:-ലോകമനുഭവിച്ചിരുന്ന ജീവിതസ്വാതന്ത്ര്യം- പരിധികളില്ലാത്ത ആഢംബരം-ഭക്ഷണശീലങ്ങൾ-നിയന്ത്രണങ്ങളില്ലാത്ത ജീവിതരീതികൾ-പ്രകൃതി അമിതമായി ചൂഷണം ചെയ്യപ്പെട്ടു-ശാസ്ത്രപുരോഗതി നൽകിയ അമിത ആത്മവിശ്വാസം-കോവിഡ് എന്ന മഹാമാരിയുടെ വരവ്-വൈറസ്സിനു മുന്നിൽ എല്ലാവരുംതുല്യർ-ലോകത്തിന്റെ നിസ്സഹായത-സങ്കീർണ്ണപ്രശ്നങ്ങൾ-പുതിയ തിരിച്ചറിവുകൾ-ആരോഗ്യം,സാമ്പത്തികം, വിദ്യാഭ്യാസം,ടൂറിസം,വ്യവസായങ്ങൾ തുടങ്ങിയ എല്ലാമേഖലകളുടെയും തകർച്ച-ഗവേഷണങ്ങളുടെ പരിമിതികൾ-ആസൂത്രണത്തിന്റെ പരാജയങ്ങൾ-രോഗത്തിനൊപ്പം ഇനിയുള്ള ജീവിതം-ജീവിതരീതികൾ പുന:പരിശോധിക്കേണ്ടതിന്റെ ആവശ്യകത-രോഗങ്ങൾക്കെതിരേ പാലിക്കേണ്ട നിതാന്തജാഗ്രത-ബോധവൽക്കരണത്തിന്റെ പ്രസക്തി- ഉപസംഹാരം.

(b). കത്ത്:- രൂപഘടന 5

പ്രേഷകൻ/പ്രേഷിത

മേൽവിലാസം.

സ്വീകർത്താവ് / ഗ്രാഹകൻ

മേൽവിലാസം

(മേൽവിലാസം എന്നുമാത്രം എഴുതുന്നതിനുപകരം മേൽവിലാസഘടകങ്ങളായ പേര്,വീട്ടുപേര്/ഓഫീസിന്റെ പേര്,സ്ഥലം,പോസ്റ്റ് ഓഫീസ്,പിൻകോഡ് എന്നിവ എഴുതണം.)

അഭിസംബോധന, വിഷയസൂചനകൾ,
ആമുഖം -കത്തിന്റെ ശരീരം- ഉള്ളടക്കം- (കത്തിന്റെ ശരീരം ഖണ്ഡികതിരിച്ച്-വിഷയത്തിൽ ഒതുങ്ങുന്നതും സമഗ്രവും ആവശ്യങ്ങൾ സമർത്ഥിക്കപ്പെടുന്നതുമായിരിക്കണം)
വിദ്യാലയപരിസരത്ത് നിൽക്കുന്ന ഇലക്ട്രിക്പോസ്റ്റിന്റെ അപകടകരമായ അവസ്ഥ-സംഭവിച്ചേക്കാവുന്ന ദുരന്തം-മാറ്റിസ്ഥാപിക്കേണ്ടതിന്റെ ആവശ്യകത-വിശദീകരണം- അഭ്യർത്ഥന-
ഉപചാരവാക്ക്-ഒപ്പ്,പേര് ഇവ ഇടതുവശത്തോ വലതുവശത്തോ വരാം.തീയതി താഴെയോ പ്രേഷകനും ഗ്രാഹകനും ഇടയിലോ എഴുതാം.

(c). പത്രവാർത്ത -രൂപഘടന 5

വാർത്തയുടെ ശീർഷകം - വാർത്തയിലേക്ക് നയിക്കുന്നതും ആകർഷകവും ആയിരിക്കണം ശീർഷകം.

സ്വന്തം ലേഖകൻ/പ്രത്യേക ലേഖകൻ.

സ്ഥലം.(സംഭവം നടന്നസ്ഥലം).-സ്ഥലം എന്നുമാത്രമെഴുതിയാലും മാർക്കുനൽകണം.

ഖണ്ഡികാകരണം.

ആമുഖം. വാർത്തയിലേക്ക് നയിക്കാൻ സഹായിക്കുന്ന വാർത്തയുടെ ഒരു സംഗ്രഹരൂപം ഒന്നോരണ്ടോ വാചകത്തിൽ.

വാർത്തയുടെ വിശദീകരണം:- സംഭവിച്ചതെന്ത്? എവിടെ? എപ്പോൾ? എങ്ങനെ? ആരെല്ലാമാണ് ഉൾപ്പെട്ടത്? കാര്യകാരണങ്ങളും വിശദാംശങ്ങളും.

ഉപസംഹാരം.



Downloaded From : http://cbseportal.com/ Courtesy : CBSE

Downloaded From : http://cbseportal.com/

( ഭാഷാശുദ്ധി,അക്ഷരശുദ്ധി ,സംഭവം റിപ്പോർട്ട് ചെയ്യുന്നതിനുപയോഗിച്ച പത്രഭാഷ.)

അനുയോജ്യമായ ശീർഷകം

സ്വന്തം ലേഖകൻ.

സ്ഥലം:- മസ്തിഷ്കമരണം സംഭവിച്ച കുടുംബനാഥന്റെ ഹൃദയം ഹൃദയത്തകരാർ മൂലം മരണത്തെ മുഖാമുഖം കണ്ട രോഗിക്ക് നൽകി ഒരു കുടുംബം സമൂഹത്തിന് മാതൃകയായി-എവിടെ? എപ്പോൾ? ദാനം നൽകിയ കുടുംബത്തിന്റെയും സ്വീകരിച്ച കുടുംബത്തിന്റെയും താൽക്കാലികാവസ്ഥ-ദാതാവിന്റെ മരണകാരണം സ്വീകർത്താവിന്റെ രോഗവിവരങ്ങൾ-അവയവദാനത്തിലേക്കുനയിച്ച സാഹചര്യം-ശസ്ത്രക്രിയയുടെ വിശദാംശങ്ങൾ-ഉൾപ്പെട്ട ആരോഗ്യപ്രവർത്തകർ-എല്ലാവരുടേയും പ്രതികരണങ്ങൾ.

ഉപസംഹാരം. മഹത്തായ ആ പ്രവൃത്തി സമൂഹത്തിന് നൽകുന്ന സന്ദേശം.

. 7. ചോദ്യങ്ങളുടെ ഉത്തരം. (ഓരോന്നിനും 3 മാർക്കു വീതം) (5x3=15)

(a).ഏതെങ്കിലും ഒരു ചോദ്യത്തിന്റെ ഉത്തരമെഴുതിയാൽ മതി. 1x3=3

(i).ആമുഖം. കർത്താവ്: ശ്രീ. കുട്ടിക്കൃഷ്ണമാരാർ

പാഠം: യുദ്ധത്തിന്റെ പരിണാമം. (ഭാരതപര്യടനം)

പതിനെട്ടുദിവസം നീണ്ടുനിന്ന കുരുക്ഷേത്രയുദ്ധത്തിന്റെ അവസാന ദിവസം കൗരവസൈന്യാധിപനായ ദുര്യോധനനെ ഭീമൻ വീഴ്ത്തി. വിജയികളായ പാണ്ഡവർ വിജയാഘോഷങ്ങളിൽമുഴുകി.രാത്രിയിൽ പാണ്ഡവശിബിരത്തിൽ കടന്നു കയറിയ ദ്രൗണിയുടെ ക്രൂരത -പതിനെട്ടു ദിവസം നടന്ന യുദ്ധത്തെ സമുദ്രത്തോടും ശിബിരത്തിൽ നടന്ന സംഭവങ്ങളെ കൈത്തോടിനോടും ഉപമിക്കുന്നു.-അതിഭയങ്കരമായ യുദ്ധത്തിൽ മഹാരഥന്മാരെ അതിജീവിച്ച പാണ്ഡവർ നിസ്സാരമായ ഈ സംഭവത്തിൽ നിസ്സാരന്മാരോട് പരാജിതരായി എന്ന് സമർത്ഥിക്കണം.

(ii). ആമുഖം. കർത്താവ്: ശ്രീ. ഇ. സന്തോഷ് കുമാർ. പാഠം:- പണയം

ചാക്കുണ്ണി ആറാട്ടുകുന്നിൽ ആദ്യമായി റേഡിയോ വാങ്ങിച്ച ആൾ-ചരിത്രസംഭവം-റേഡിയോയ്ക്ക് ആറാട്ടുകുന്നിൽ ആവേശകരമായസ്വീകരണം-കേൾക്കാൻ ദൂരെനിന്നു പോലും ആളുകൾ-കടയിലെ തിരക്കുകാരണം ആളുകളെ നിയന്ത്രിക്കേണ്ട അവസ്ഥ-റേഡിയോ ജീവിതത്തിന്റെ ഭാഗം- ജോലികഴിഞ്ഞ് റേഡിയോയുമായി മടങ്ങുമ്പോൾ വഴിയാത്രക്കാർ ശ്രദ്ധിക്കും-പലരും പിൻതുടരും-എന്നാൽ തുന്നിത്തീർത്ത കാശിനു പോലും കടംപറയുന്നവരും കാശുകൊടുക്കാത്തവരും ഉണ്ട്-അവർ ഒഴിഞ്ഞുമാറും-ചാക്കുണ്ണിയെ കണ്ടാൽ കാശിനെപ്പറ്റി എന്തെങ്കിലും വിശദീകരണം നൽകേണ്ടി വരുമെന്നതിനാൽ അത്തരക്കാർക്ക് റേഡിയോയുടെ ശബ്ദം കേൾക്കുന്നതേ ഭയമായിരുന്നു.

(b). **ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക്** ഉത്തരമെഴുതിയാൽ മതി. 2 x3=6

(i). ആമുഖം. കർത്താവ്: തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ.

പാഠം;- ലക്ഷ്മണസാന്ത്വനം. അദ്ധ്യാത്മരാമായണം കിളിപ്പാട്ട്.

അഭിഷേകവിഘ്നത്തിൽ കോപാന്ധനായ ലക്ഷ്മണന് രാമന്റെ ഉപദേശം-. മനുഷ്യർക്ക് ലോകം പാന്ഥർക്ക് പെരുവഴിയമ്പലം പോലെ-ഐശ്വര്യം യൗവനം ഇവ സ്ഥിരമല്ല-ഭാര്യാഭർതൃസുഖങ്ങളും ആയുസ്സും ക്ഷണികം-രാഗാദികൾ-ഇവയെല്ലാം ചേർന്ന ലോകജീവിതത്തിന്റെ സ്വപ്നസമാനമായ അവസ്ഥ.

(ii). ആമുഖം. കർത്താവ്: ശ്രീ. റഫീക്ക് അഹമ്മദ്. പാഠം;- അമ്മത്തൊട്ടിൽ



Downloaded From : http://cbseportal.com/ Courtesy : CBSE

Downloaded From : http://cbseportal.com/

ജില്ലാശുപത്രിയ്ക്കരികിലെ ഇരുട്ടിൽ അമ്മയെ ഉപേക്ഷിക്കാനൊരുങ്ങുന്ന മകന്റെ അനുഭവം.-പണ്ട് പനിച്ചപ്പോൾ തന്നെയും തോളിലിട്ട് ഈ അമ്മ ഇതേപടികൾ ഓടിക്കയറിയത്- അന്നുലഭിച്ച സൂചിപ്രയോഗത്തിന്റെ നീറ്റൽ- ഇപ്പോഴും അതേ നീറ്റൽ- കുറ്റബോധത്തിന്റേതാണെന്നുമാത്രം.

(iii) ആമുഖം.കർത്താവ്: ശ്രീ. വൈലോപ്പിള്ളി ശ്രീധരമേനോൻ. പാഠം:- ഓണമുറ്റത്ത്

പ്രകൃതിസൗന്ദര്യത്തിന്റെയും കാർഷിക സമൃദ്ധിയുടെയും ഉൽസവമായ ഓണത്തിനെ വരവേൽക്കാൻ മനുഷ്യൻ മാത്രമല്ല പ്രകൃതിയും ആവേശത്തോടെ കാത്തിരിക്കുക യാണ് എന്ന സന്ദേശമാണ് ഈ കവിതയിലെ പ്രകൃതിയുടെ അവതരണത്തിലൂടെ ലഭിക്കുന്നത്. മലനാടിന്റെ വായുവിൽപ്പോലുമുണ്ട് ആ മധുരോദാരമായ വികാരം-ഓണം പാവപ്പെട്ടവന്റെ ആഘോഷമാണ്, അല്ലെങ്കിൽ പാവപ്പെട്ടവരാണ് ശരിയായ വികാരത്തോടെ ഓണത്തെ വരവേൽക്കുന്നതെന്ന സന്ദേശമാണ് മഴകൊണ്ടു തണുത്ത് വിറച്ചിട്ടാണെങ്കിലും പൂക്കൂട നിറച്ചു കാത്തുനിൽക്കുന്ന തുമ്പയുടെയും തിരികൾ തെറുത്തുകുഴഞ്ഞ കയ്യുമായി ദീപക്കുറ്റികൾ നാട്ടി കൊളുത്താൻ കാത്തുനിൽക്കുന്ന മുക്കുറ്റിയുടേയും ഉറങ്ങാതെ വയലേലകളിൽ വെള്ളിത്താലമെടുത്തു നിൽക്കുന്ന നെയ്യാമ്പലുകളുടേയും ഒക്കെ ദൃശ്യങ്ങളിലൂടെ വിശദീകരിക്കുന്നത്.ഈ പൂക്കളൊ ക്കെയും പാവപ്പെട്ടവന്റെ പ്രതീകങ്ങളാണ്.ടൂറിസംമേളയല്ല കുട്ടികളുടെ ആർപ്പു വിളിയും ചെറുകന്യകളുടെ വായ്ക്കുരവയുമൊക്കെയുണർത്തുന്ന ആഘോഷങ്ങ ൾക്കിടയിലൂടെ രാവ് നിലാവിന്റെ കമുകിൻ പൂവരിതൂവി എതിരേൽക്കുന്ന വഴിയിലൂടെയാണ് ഓണത്തപ്പന്റെ എഴുന്നള്ളത്ത്. അപ്പോൾ പ്രഭാതമാകുന്ന ഓണക്കോടിയുടുത്ത കന്യക മലയാകുന്ന ചങ്ങല വട്ടയിൽ സൂര്യദീപം കൊളുത്തി തുടുത്ത കവിളിൽ നാണത്തിന്റെ പരുങ്ങലുമായി ഓണത്തപ്പനെ എതിരേൽക്കുന്ന കാഴ്ചയും ഇതേ സന്ദേശമാണ് നല്കുന്നത്

(c). ഏതെങ്കിലും **രണ്ട് ചോദ്യങ്ങൾക്ക്** മാത്രം ഉത്തരമെഴുതുക. 2 x3=6

(i). ആമുഖം. വടിവീശ്വരത്തെത്തുന്ന ചട്ടമ്പിസ്വാമികൾ-ഒരു ഭവനത്തിലെ അടിയന്തിര സദ്യയ്ക്കെത്തി-ഉച്ഛിഷ്ടം ഭക്ഷിക്കനെത്തുന്ന നായകൾക്കൊപ്പം ഒരു വൃദ്ധൻ-അവിടെ കൂടിയിരുന്ന കുട്ടികൾ വൃദ്ധനെ കല്ലെറിയുന്നു-വൃദ്ധന്റെ നിസ്സംഗത കുഞ്ഞൻപിള്ള ശ്രദ്ധിച്ചു..അസാധാരണത്വം മനസ്സിലാക്കി-ഒരാൾ തന്നെ നിരീക്ഷിക്കുന്നതറിഞ്ഞ വൃദ്ധൻ അവിടന്നു പോയി- കുഞ്ഞൻപിള്ള അനുധാവനം ചെയ്യുന്നു-വൃദ്ധൻ ഓടാൻ തുടങ്ങി-കുഞ്ഞൻപിള്ള പുറകെ.- കുറെഓടി ബോധരഹിതനായി വീണു.-ആ യുവാവിന്റെ ആത്മീയ തേജസ് തിരിച്ചറിഞ്ഞ വൃദ്ധൻ പ്രണവമന്ത്രം ഉപദേശിച്ചു.- അങ്ങനെ ആത്മീയ ഗുരുവിനെ കണ്ടെത്തി.

(ii). ആമുഖം. മലയിൻകീഴിലെ മച്ചിൽപോനിയത്ത് തറവാട്ടിൽ ജനനം.-പണ്ഡിതന്മാരുടെ തറവാട്-സാമ്പത്തികക്ഷയം നേരിട്ടു-കൊല്ലൂർ ഗ്രാമത്തിലേക്കു താമസം മാറ്റി-അവിട ത്തെ വാസുദേവശർമ്മയുടെയും നങ്കാദേവിയുടെയും ആദ്യപുത്രനായി ജനനം.-അയ്യപ്പൻ -ദാരിദ്ര്യംനിറഞ്ഞ ബാല്യം-കുട്ടിക്കാലത്തുതന്നെ കുടുംബഭാരം ചുമലിൽ.

(iii). ആമുഖം. സ്വാമികൾ ഏറ്റുമാനൂർ ക്ഷേത്രത്തിൽ-ഉൽസവത്തിനെത്തിയ മേളപ്രമാണി മുണ്ടംപിള്ളമാരാർ താളമിടാൻ വയ്യെന്ന് പറയുന്നു-സ്വാമികളും മേളത്തിനു കൂടാ മെന്നു പറയുന്നു.. മുണ്ടംപിള്ളമാരാർക്കൊപ്പം മുൻനിരയിൽ നിന്ന് കൊട്ടുന്നു.മേളം മുറുകി–ചട്ടമ്പിസ്വാമികൾ കൊട്ടിക്കയറി- മനോധർമ്മ പ്രയോഗത്തിലൂടെ മാരാർക്ക് മറുപടി-ആരാണ് ഗുരു എന്ന ചോദ്യത്തിന് സ്വയംശീലിച്ചതാണെന്ന് മറുപടി- ക്ഷേത്രത്തിലെ ശ്രീഭൂതബലിയ്ക്കുള്ള തിമിലകൊട്ട് ശരിയായ രീതിയിലാക്കി.

********************



Downloaded From : http://cbseportal.com/ Courtesy : CBSE